# 6

# “അവസാനം നന്നാകുന്നതെല്ലാം നന്നായിരിക്കും!”

## (ഇയ്യോബ് 42:12-17)

ഒരു വലിയ നാടകത്തിന്റെ മൂർദ്ധന്യാവസ്ഥ നൽകുന്നതാണ് ഇയ്യോബ ിന്റെ പുസ്തകത്തിലെ അവസാനത്തെ ആറു വാക്യങ്ങൾ. 42:12 ലെത്തുവാന ായി പുസ്തകം മുഴുവൻ വായിക്കുന്നത് പ്രയോജനം ചെയ്യും: “ഇങ്ങനെ യഹോവ ഇയ്യോബന്റെ പിൽക്കാലത്തെ അവൻ മുൻകാലത്തേക്കാൾ അധികം അനുഗ്രഹിച്ചു, ...”. ഇതറിയുക: *യഹോവ അനുഗ്രഹിക്കും!* പ്രതികൂലസാഹ ചര്യത്തിലും ദൈവം അനുഗ്രഹിക്കും. നാം പ്രയാസങ്ങളുടെ അവസാനം എത്തുമ്പോൾ, വിലയേറിയ പാഠങ്ങൾ പഠിക്കുകയോ അല്ലെങ്കിൽ നല്ല ആളു കളായിത്തീരുകയോ ചെയ്യും, അപ്പോൾ കർത്താവ് നമ്മെ അനുഗ്രഹിക്കയും ചെയ്യും. നാം അവസാനം ശക്തിപ്പെടുകയാണെങ്കിൽ, അതു നല്ലതാണ്. ശലോ മോൻ പറഞ്ഞു, “ഒരു കാര്യത്തിന്റെ ആരംഭത്തേക്കാൾ അതിന്റെ അവസാനം നല്ലത് ...” (സഭാപ്രസംഗി 7:8).

ഇയ്യോബിന്റെ പരീക്ഷണങ്ങൾ സന്തോഷകരമായ പര്യവസാനമാണു ായത്. ദൈവത്തിന്റെ ഭയങ്കരശക്തിയെ അവൻ മനസിലാക്കുക മാത്രമല്ല, പിന്നെയോ അവൻ ദൈവത്തിന്റെ സമൃദ്ധമായ കരുണയും അനുഭവിച്ചു:

> ഇയ്യോബ് തന്റെ സ്നേഹിതന്മാർക്ക് വേി പ്രാർത്ഥിച്ചപ്പോൾ, യഹോവ അവന്റെ സ്ഥിതിക്ക് ഭേദം വരുത്തി. മുമ്പെ ഉായിരുന്നതൊക്കെയും ഇയ്യോബിന്ന് ഇരട്ടിയായി കൊടുത്തു. അവന്റെ സകല സഹോദരന്മാരും സഹോദരിമാരും മുമ്പെ അവന്നു പരിചയമുള്ളവരൊക്കെയും അവന്റെ അടുക്കൽ വന്നു അവന്റെ വീട്ടിൽ അവനോടുകൂടെ ഭക്ഷണം കഴിച്ചു.
>
> ഓരോരുത്തനും അവന് ഓരോ പൊൻനാണ്യവും ഓരോ പൊൻമോ തിരവും കൊടുത്തു. ഇങ്ങനെ യഹോവ ഇയ്യോബിന്റെ പിൽക്കാലത്തെ അവന്റെ ആരംഭകാലത്തേക്കാൾ അധികം അനുഗ്രഹിച്ചു, അവന്ന് 14,000 ആടുകളും, 6,000 ഒട്ടകങ്ങളും 1,000 ഏർ കാളയും, 1,000 പെൺകഴുതയും ഉായി, അവന്ന് ഏഴു പുത്രന്മാരും മൂന്ന് പുത്രിമാരും ഉായി ... . അതിനു ശേഷം ഇയ്യോബ് 140 വർഷം ജീവിച്ചിരുന്ന്, മക്കളെയും മക്കളുടെ മക്കളെയും നാലു തലമുറയോളം കു. അങ്ങനെ ഇയ്യോബ് വൃദ്ധനും കാലസമ്പൂർണ്ണനുമായി മരിച്ചു (42:10-17).

ഇയ്യോബിന്റെ എല്ലാ പ്രയാസങ്ങൾക്കും അറുതി വരുത്തുകയും, അവസാനം എല്ലാം രിരട്ടിയായി നൽകുകയും ചെയ്തു. ഇയ്യോബിന് സുഖ മായപ്പോൾ, അവന്റെ സഹോദരന്മാരും സഹോദരിമാരും പരിചയക്കാരനും അവന്ന് സമ്മാനങ്ങളുമായി വന്നു. ദൈവത്തിന്റെ അനുഗ്രഹങ്ങളോടും,

കുടുംബത്തിന്റേയും സ്നേഹിതരുടെയും സഹായത്തോടെയും ഇയ്യോബ് തന്റെ ജീവിതം പുനരാരംഭിച്ചു. അവനിൽനിന്ന് എടുത്തുകളയുന്നതിന് മുൻപ് അവനുായിരുന്ന മൃഗസമ്പത്ത് ഇപ്പോൾ ഇരട്ടിയായിതീർന്നു. അവന്ന് പിന്നീട് ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും ഉായി – അവർ ദേശത്തെ ഏറ്റവും നല്ല സുന്ദരിമാരായിരുന്നു. തന്റെ പരീക്ഷണത്തിനു ശേഷം ഇയ്യോബ് 140 വർഷം പിന്നെയും ജീവിച്ചു. അവൻ മക്കളെയും അവരുടെ മക്കളേയും, കൊച്ചുമക്ക ളെയും ക് കാലസമ്പൂർണ്ണതയിൽ വൃദ്ധനായിട്ടാണ് മരിച്ചത്.

ഇയ്യോബിനുായ കഷ്ടതയും, അവസാനം ഉായ വിജയവും നമ്മുടെ പ്ര ശ്നങ്ങളെ തരണം ചെയ്യുവാൻ നമ്മെ സഹായിക്കും. വിഷമസന്ധികളെ അതിജീവിക്കുവാൻ നമുക്ക് ഇയ്യോബിന്റെ പുസ്തകം ഒന്ന് പുനരവലോകനം നടത്താം.

## പ്രതിസന്ധികളിൽ നാം ചെയ്യരുതാത്തത്

*ഒന്നാമത് വിട്ടുകളയരുത്.* ഇയ്യോബ് താൻ ജനിച്ച ദിവസത്തെ ശപിക്കയു ായി. അവൻ പറഞ്ഞു, "ഞാൻ ഗർഭപാത്രത്തിൽ വെച്ച് മരിക്കാഞ്ഞതെന്ത്?" (3:11). ജീവിതം അപ്രതീക്ഷിതമായി താറുമാറാകുമ്പോൾ പലപ്പോഴും ഉാകുന്ന ചിന്തയാണിത്. എന്നാൽ ഇയ്യോബ് വിട്ടുകളഞ്ഞില്ല. ഇയ്യോബിന്റെ സഹിഷ്ണു തയെ കുറിച്ച് യാക്കൊബ് പറയുന്നു്: "യോബിന്റെ സഹിഷ്ണുത ധക്ഷമ; കെജെവിപ നിങ്ങൾ കേട്ടും അവന് വരുത്തിയ അന്തം നിങ്ങൾ കുമിരിക്കുന്നു വല്ലോ" (യാക്കൊബ് 5:11). അവൻ ദൈവത്തോടു പിറുപിറുക്കുകയും ചോദ്യം ചെയ്യുകയുമുായെങ്കിലും, ഒരിക്കലും ദൈവത്തെ പരിത്യജിച്ചില്ല.

പൗലൊസിന് പ്രയാസം നേരിട്ടപ്പോൾ അവൻ സമീപിച്ച മനോഭാവം നോക്കുക: "ഞങ്ങൾ സകലവിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും ഇടുങ്ങിയിരിക്കുന്നില്ല; ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല. ഉപ ദ്രവം സഹിക്കുന്നവരെങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല" (2 കൊരിന്ത്യർ 4:8, 9). അപ്പോഴും ദൈവം എവിടെ പോകുവാൻ പറഞ്ഞാലും അവിടെ പോകുവാനും എന്തു ചെയ്യുവാൻ പറഞ്ഞാലും അതു ചെയ്യുവാനും അവൻ ഒരുക്കമായി രുന്നു. സ്വർഗത്തിൽ പോയി കർത്താവിനോടുകൂടെ ഇരിക്കുന്നതോ അതോ ഭൂമിയിൽ കർത്താവിന്റെ വേല ചെയ്യുന്നതോ ഏതാണ് തിരഞ്ഞെടുക്കേത് എന്ന കാര്യത്തിൽ അവന് വിഷമം നേരിടുന്നതായി അവൻ ഫിലിപ്പിയരോട് പറയുകയുായി (ഫിലിപ്പിയർ 1:21–24). ആ തീരുമാനം അവനായിരുന്നില്ല എടു ക്കേിയിരുന്നത്. അവന്റെ ജീവിതത്തെ കുറിച്ചുള്ള ദൈവ തീരുമാനം അവൻ സ്വീകരിക്കേിയിരുന്നു. പൗലൊസ് ആ പ്രസ്താവനകൾ എഴുതിയത് തടവിൽ വെച്ചാണെന്നതു കൂടുതൽ അർത്ഥം ജനിപ്പിക്കുന്നതാണ്.

*രാമത്, പുറകോട്ട് തിരിഞ്ഞുനോക്കരുത്.* "പഞ്ഞ മാസങ്ങളിൽ ദൈവം അവനെ കാത്തുകൊതുപോലെ'' ആയിരുന്നെങ്കിൽ എന്ന് ഇയ്യോബ് ഓർത്തുപോയി (29:2). നമ്മുടെ കഴിഞ്ഞ കാലത്തിലെ നല്ല നാളുകളിലേതു പോലെ നാം ആയെങ്കിൽ എന്നു വിചാരിക്കുന്നതുകൊ് ഒരു ഗുണവുമില്ല. വേണമെങ്കിൽ നമുക്ക് അതിനെ കുറിച്ച് ചിന്തിക്കാം. അനുസ്മരണം കൊ് ഉപദ്രവമൊന്നുമില്ല; എന്നാൽ ആ പഴയ കാലം വേണമെന്ന് വിചാരിച്ചാൽ, നാം നിരാശപ്പെടും. "പഴയ നല്ല കാലം" തന്ന അതേ ദൈവത്തിന് "പുതിയ നല്ലകാലം" വീം തരുവാൻ കഴിയും. പൗലൊസിന്റെ മനോഭാവം സഹായ കരമാണ്:

> സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു; പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്ന് ആഞ്ഞുംകൊ് ക്രിസ്തുയേശുവിൽ ദൈവത്തിൻറെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു (ഫിലിപ്പിയർ 3:13, 14).

കഴിഞ്ഞുപോയ നല്ല നാളുകൾ വരണമെന്ന് ആഗ്രഹിക്കുന്നതുകൊ് പ്രയോജനമൊന്നുമില്ല. ദൈവം സൃഷ്ടിച്ച ആദ്യദിവസത്തെക്കാൾ എത്തിപ്പിടിക്കാവുന്ന അടുത്തല്ല ഇന്നലെ. പകരം, നമുക്ക് മുൻപിൽ വരുവാനുള്ള നല്ല നാളുകളെ നമുക്ക് നോക്കി പാർത്തിരിക്കാം!

*മൂന്നാമത്, നിങ്ങളെ ഓർത്ത് ദുഃഖിക്കാതിരിക്കുക.* സമദ്രത്തിലെ മണലിനേക്കാൾ തന്റെ ഭാരം വലുതായിട്ടായിരുന്നു ഇയ്യോബിനു തോന്നിയത് (6:2, 3). ഇയ്യോബ് തന്നെ ഓർത്ത് ദുഃഖിച്ചു. സ്വയ-മനുകമ്പ തോന്നുന്നതിലെ വിരോധാഭാസം എന്തെന്നാൽ, നിങ്ങൾ നിങ്ങളെ ഓർത്ത് ദുഃഖിക്കുമ്പോൾ, നിങ്ങൾ മാത്രമാണ് അങ്ങനെ ചെയ്യുന്നത്! ഇയ്യോബിനെ ഓർത്ത് ഇയ്യോബല്ലാതെ മറ്റാരും ദുഃഖിച്ചില്ല - ദൈവം പോലും. അവൻ അവരോട് അപേക്ഷിച്ചുവെങ്കിലും, അവന്റെ സ്നേഹിതന്മാർക്കും അവനോട് അനുകമ്പയുായില്ല. "സ്നേഹിതന്മാരേ, എന്നോട് കൃപ തോന്നേണമേ, കൃപ തോന്നേണമേ, ദൈവത്തിന്റെ കൈ എന്നെ തൊട്ടിരിക്കുന്നു" (19:21). അവന്റെ ഭാര്യയും അവന്ന് ആശ്വാസമേകിയില്ല.

യിസ്രായേലിന്റെ പരാതികൾ നിമിത്തം മോശെയുടെ ഭാരം നിമിത്തം തന്നോട് തന്നെ ദുഃഖമുായി. തന്നെ എന്തിനാണ് ഈ ഭാരം ദൈവം ഏല്പച്ചിത് എന്ന് അവന് തോന്നിപ്പോയി. ഒരിക്കൽ അവൻ ദൈവത്തോട് ചോദിച്ചു, "മുല കുടിക്കുന്ന കുഞ്ഞിനെ ഒരു ധാത്രി എടുക്കുന്നതുപോലെ ഞാൻ അവരെ നീ അവരുടെ പിതാക്കന്മാരോട് സത്യം ചെയ്ത ദേശത്തേക്ക് 'എന്റെ മാറത്തെടുത്തുകൊ് പോകേണമെന്ന് എന്നോട് കല്പിപാൻ ഈ ജനത്തെ ഒക്കെയും ഞാൻ ഗർഭം ധരിച്ചുവോ? ഞാൻ അവരെ പ്രസവിച്ചുവോ'? ..." (സംഖ്യാപുസ്തകം 11:12-15). തനിച്ച് ആ ആളുകളുടെ ഭാരം എല്ലാം താങ്ങുവാൻ പറ്റാത്തതുകൊ് മരിക്കുവാൻ തന്നെ അനുവദിക്കണമെന്ന് പോലും ഒരിക്കൽ അവൻ ദൈവത്തോട് പറഞ്ഞു. ദൈവം മോശെയുടെ പ്രശ്നം പരിഹരിച്ചുകൊടുത്തു. അവൻ ഇയ്യോബിന്റെ പ്രശ്നം പരിഹരിക്കയുായി ചിലപ്പോൾ ദൈവം നമുക്ക് എതിരാണെന്ന് നാം ചിന്തിച്ചുപോകും, എന്നാൽ ദൈവം എല്ലായ്പോഴും നമുക്ക് വേി പ്രവർത്തിച്ചുകൊാണിരിക്കുന്നത്.

*നാലാമത്, മറ്റാരെയും പഴിക്കരുത്.* സ്വയ-നീതീകരണം എന്ന തന്ത്രത്തിന് ഏദെൻ തോട്ടത്തിന്റെ പഴക്കമു്. പാപം ചെയ്ത ആദാമിനോട്, നീ അതു ചെയ്തതെന്ത് എന്നു ചോദിച്ചപ്പോൾ അവൻ ഹവ്വയെയും ദൈവത്തെയും കുറ്റപ്പെടുത്തി. അവൻ പറഞ്ഞു, "എന്നോടുകൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു ഞാൻ തിന്നുകയും ചെയ്തു" (ഉൽപത്തി 3:12). ഹവ്വ സർപ്പത്തെ പഴിച്ചു പറഞ്ഞു, "പാമ്പ് എന്നെ വഞ്ചിച്ചു, ഞാൻ തിന്നുപോയി" (3:13).

തന്റെ കുഴപ്പങ്ങൾക്ക് ഉത്തരവാദികൾ മറ്റുള്ളവരാണെന്ന് കാണുവാനാണ് ഇയ്യോബ് ശ്രമിച്ചത്. താനാണ് ഉത്തരവാദി എന്ന് അവൻ വിശ്വസിച്ചില്ല. തന്റെ കുഴപ്പങ്ങൾക്ക് ഉത്തരവാദിയായി മറ്റാരെയും അവന് കാണുവാൻ കഴിയാത്തതുകൊ്, അവൻ ദൈവത്തെ പഴിച്ചു. ബലിയാടിനെ വേട്ടയാടുന്നതുകൊ്,

നമ്മുടെ പ്രശ്നം പരിഹരിക്കുകയില്ല. ഉത്തരവാദിയായി മറ്റാരെയെങ്കിലും, അല്ലെങ്കിൽ മറ്റെന്തെങ്കിലും കത്തെുവാൻ സാത്താൻ നമ്മെ പ്രേരിപ്പിച്ചുകൊ‌ിരിക്കുന്നേടത്തോളം നമ്മുടെ പ്രശ്നം പരിഹരിക്കുന്നതിൽനിന്നു നമ്മെ അവൻ ഒഴിവാക്കി നിർത്തും.

### പ്രതിസന്ധികളുള്ള സമയത്ത് നാം എന്താണ് ചെയ്യുക

*ഒന്നാമത്, ദൈവത്തിൽ ആശ്രയിക്കുക.* ഇയ്യോബ് 42:12 നാം ഓർമ്മിക്കണം: "യഹോവ ഇയ്യോബിന്റെ പിൽക്കാലത്തെ ആരംഭകാലത്തേക്കാൾ അധികം അനുഗ്രഹിച്ചു." യഹോവ അനുഗ്രഹിക്കുന്നു. സൂര്യൻ അസ്തമിക്കുന്നു, ഉദിക്കയും ചെയ്യുന്നു (സഭാപ്രസംഗി 1:5). ദൈവത്തെ വെല്ലുവിളിക്കുവാൻ സാധ്യമല്ല; മറിച്ച്, അവനിൽ നാം ആശ്രയിക്കണം. "കാര്യങ്ങൾ പ്രയാസത്തിലൂടെ കടന്നുപോകുമ്പോൾ," അതു ദൈവത്തിൽനിന്നകന്നുപോകുവാനുള്ള സമയമല്ല. പ്രതിസന്ധി നേരിട്ടപ്പോൾ എത്ര പേർ ദൈവഭവനത്തിൽനിന്ന് വിട്ട് പോയിട്ടു? ദൈവഭവനം നിർമ്മിച്ചത് അതിനുവേിയാണ്. പ്രതിസന്ധി തരണം ചെയ്യുവാൻ കഴിയാത്ത വിശ്വാസം ബലഹീനവിശ്വാസമാണ്. യോനാക്ക് ഏറ്റവും വലിയ പ്രതിസന്ധി നേരിട്ടപ്പോൾ, അവൻ ദൈവത്തിൽ അത്യധികമായി ആശ്രയിച്ചു. മൽസ്യത്തിന്റെ വയറ്റിൽ കിടന്ന് അവൻ നിലവിളിച്ചു, "എന്റെ പ്രാണൻ എന്റെ ഉള്ളിൽ ക്ഷീണിച്ചുപോയപ്പോൾ, ഞാൻ യഹോവയെ ഓർത്തു, എന്റെ പ്രാർത്ഥന നിന്റെ വിശുദ്ധമന്ദിരത്തിൽ നിന്റെ അടുക്കൽ എത്തി" (യോനാ 2:7).

നമുക്ക് ചിന്തിക്കുവാൻ അല്പം ഒന്നു നിർത്താം. നാം വായിക്കുന്നു, "നിങ്ങളുടെ കിടക്കമേൽ ഹൃദയത്തിൽ ധ്യാനിച്ച് മൗനമായിരിപ്പിൻ" (സങ്കീർത്തനങ്ങൾ 4:4); "ഭയപ്പെടേ, ഉറെച്ചുനിൽപിൻ, യയഹോവ ഇന്നു നിങ്ങൾക്ക് ചെയ്‌വാനിരിക്കുന്ന രക്ഷ കുകൊൾവിൻ" (പുറപ്പാട് 14:13). മാനുഷ ശക്തികൊ് പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമിക്കുന്നത് അവസാനിപ്പിക്കുക. "നമ്മുടെ ബൂട്ട് സ്ട്രാപ്പുകൾകൊ് നമ്മെ ഉയർത്തുവാൻ നോക്കരുത്." നാം നമ്മെയും നമ്മുടെ പ്രശ്നങ്ങളെയും ദൈവത്തിൽ ഏല്പിക്കണം. ദൈവത്തിന്റെ മനഃക്ഷോഭശമനൗഷധ ചിന്ത ഇതാ: "അതുകൊ് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ, അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ, നിങ്ങളുടെ സകലചിന്താകുലങ്ങളും അവന്റെമേൽ ഇട്ടുകൊൾവിൻ" (1 പത്രൊസ് 5:6, 7). പത്രൊസിന് വളരെ കാലം മുൻപായിരുന്നു ഇയ്യോബ് ജീവിച്ചിരുന്നത്, എന്നാൽ പത്രൊസ് പറഞ്ഞതുപോലെയായിരുന്നു ദൈവം ഇയ്യോബിനെ ഉയർത്തിയത്.

*രാമത്, ദൈവത്തിന് സ്തോത്രം പറയുക.* നമുക്ക് ലഭിക്കാതിരുന്നത് ദൈവം നൽകിയിരുന്നെങ്കിൽ എന്നു വിചാരിക്കുന്നതിനേക്കാൾ, ദൈവം നമുക്ക് നൽകിയവക്കെല്ലാം നാം നന്ദി ചെലുത്തേതാണ്. സ്ത്രീകൾക്കുള്ള ഒരു ബൈബിൾക്ലാസിൽ - ഒരിക്കൽ അവരോട് ഒരാഴ്ച്ച ദൈവത്തോട് ഒന്നും ചോദിക്കാതെ നൽകിയ അനുഗ്രഹങ്ങൾക്ക് എല്ലാം നന്ദി ചെലുത്തിക്കൊിരിക്കുവാൻ ഞാൻ പറഞ്ഞു. ദൈവത്തോട് ഒന്നും ചോദിക്കാതെ പ്രാർത്ഥിക്കുവാൻ വാക്കുകൾ കിട്ടാതെ ചിലർ വിഷമിച്ചതായി അടുത്ത ആഴ്ച്ച ക്ലാസിനു വന്ന ചിലർ പറയുകയുായി. തീർച്ചയായും, നമുക്ക് ആവശ്യമുള്ളത് ദൈവത്തോട് യാചിക്കുന്നതിൽ അപാകത ഒന്നുമില്ല - അല്ലെങ്കിൽ നമുക്ക് ആവശ്യമുന്നെ് തോന്നുന്നതും തെറ്റല്ല. യേശു തന്റെ ശിഷ്യന്മാരോട് യാചിക്കുവാൻ പഠിപ്പി

ച്ചിട്ടു് (മത്തായി 7:7). നാം ചോദിക്കുന്നത് നമുക്ക് ആവശ്യമെന്ന് ദൈവത്തിന് തോന്നണമെന്നില്ല - അപ്പോൾ അവൻ പറഞ്ഞേക്കാം, "ഇല്ല" (2 കൊരിന്ത്യർ 12:7-9). അവൻ ഇങ്ങനെ പറഞ്ഞേക്കാം, "ക്ഷമയോടെ ഇരിക്കുക" അവന്റെ ഉത്തരം എന്തായാലും നാം സ്വീകരിക്കണം. സങ്കീർത്തനങ്ങൾ 27:14 പറയുന്നു, "യഹോവയിങ്കൽ പ്രത്യാശ വെക്കുക, ധൈര്യപ്പെട്ടിരിക്കുക, നിന്റെ ഹൃദയം ഉറെച്ചിരിക്കട്ടെ, അതെ, യഹോവയിങ്കൽ പ്രത്യാശ വെക്കുക."

നാം ദൈവം നമുക്ക് നൽകിയവക്കു മാത്രമല്ല, നൽകുമെന്ന് പറഞ്ഞിരിക്കുന്നവക്കും നന്ദിയുള്ളവരാകണം. നമുക്ക് വേി ഭവനം ഒരുക്കുവാൻ പോയതിനും നമുക്ക് നന്ദി ചെലുത്താം (യോഹന്നാൻ 14:2, 3). എല്ലാറ്റിന്നും സ്തോത്രം ചെയ്യുവാനാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്: "എല്ലാറ്റിനും സ്തോത്രം ചെയ്വിൻ ഇതല്ലോ ക്രിസ്തുയേശുവിൽ നിങ്ങളെ കുറിച്ചു ദൈവേഷ്ടം" (1 തെസലൊനിക്യർ 5:18).

ഞാൻ ബാലനായിരുന്നപ്പോൾ, എന്റെ അപ്പനുമായി വേട്ടക്ക് പോയിരുന്ന ഒരു അവിവാഹിതൻ എന്നെ പലപ്പോഴും ചിരിപ്പിച്ചിട്ടു്. ഞങ്ങളുമൊത്ത് അത്താഴം കഴിക്കുന്നതിന് അദ്ദേഹം നേരത്തെ ഞങ്ങളുടെ വീട്ടിലെത്തും. മധുരം എന്തെങ്കിലും കഴിക്കേ സമയമാകുമ്പോൾ, അദ്ദേഹം എന്റെ അമ്മയോട് പറയും, "അമ്മേ, ദയവായി ഒരു കഷണം മധുരപലഹാരത്തിന് നന്ദി" അദ്ദേഹത്തിന് അത് ലഭിച്ചില്ല, പക്ഷെ ലഭിക്കുമെന്ന് അദ്ദേഹത്തിന് അറിയാം. ദൈവം നമുക്ക് നൽകുമെന്ന് വാഗ്ദാനം ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾക്കും നാം നന്ദിയുള്ളവരാകണം. എല്ലാ അനുഗ്രഹങ്ങളേയും നാം കണക്കാക്കണം - ഭൂതകാലത്തിലേയും, വർത്തമാനകാലത്തിലേയും, ഭാവിയിലേയും!

*മൂന്നാമത്, ക്രിയാത്മകമായി ചിന്തിക്കുക.* പ്രശ്ന-മുഖരിതമാകുന്നതിനു പകരം പ്രശ്ന-പരിഹാരപ്രദമാകുന്നതാണ് നല്ലത്. നാം പ്രശ്നപരിഹാരത്തെ കുറിച്ചു സംസാരിക്കുന്നതിനേക്കാളധികം പ്രശ്നങ്ങളെ കുറിച്ചു സംസാരിക്കും. വർത്തമാന പത്രത്തിൽ പ്രശ്നങ്ങളുടെ പരിഹാരത്തെ കുറിച്ചു മാത്രമാണ് എഴുതുന്നതെങ്കിൽ അവർക്ക് വളരെ കുറച്ചു മാത്രമെ എഴുതുവാൻ കാണുകയുള്ളു. ചർച്ചിന്റെ ബിസിനസ് മീറ്റിങ്ങിൽ പ്രശ്നങ്ങളെ കുറിച്ച് സംസാരിച്ചില്ലെങ്കിൽ അധിക സമയം ചെലവഴിക്കേിവരികയില്ല. ഒരു പ്രശ്നത്തെ കുറിച്ച് അര മണിക്കൂർ സംസാരിച്ചശേഷം പരിഹാരം കാണാതെ തന്നെ അടുത്ത "പ്രശ്നത്തെ" കുറിച്ചു സംസാരിക്കുന്നതിലേക്ക് തിരിയുന്നത് എളുപ്പമാണ്. ഇതു നമ്മുടെ ചിന്താധാരയെ എടുത്തുകാണിക്കുകയാണ് ചെയ്യുന്നത്. പ്രശ്നങ്ങൾ, തടസങ്ങൾ, പരാജയങ്ങൾ എന്നിവയെകുറിച്ചെല്ലാം നാം ചിന്തിക്കും. സാധ്യതകളെ കുറിച്ച് ആളുകൾ കേൾക്കുകയും, പരിഹാരത്തെ കുറിച്ച് ചിന്തിക്കുകയും, വിജയം കൈവരിക്കയുമാണ് ആളുകൾ ചെയ്യേത്.

വിജയത്തിനായി കാത്തിരിക്കുവാനാണ് ദൈവം നമ്മിൽനിന്ന് പ്രതീക്ഷിക്കുന്നത് (1 കൊരിന്ത്യർ 15:57). നാം അവന്റെ ശക്തി ഉപയോഗിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് (2 തിമൊഥെയൊസ് 1:7). നാം ഒന്നിനെ കുറിച്ചും വിചാരപ്പെടരുത് എന്നാണ് അവൻ നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് (ഫിലിപ്പിയർ 4:6). കർത്താവായ യേശുക്രിസ്തുവിന്റെ ശക്തി മുഖാന്തരം അവൻ ആഗ്രഹിക്കുന്നതുപോലെ എല്ലാം ചെയ്യുവാൻ നമുക്ക് കഴിയുമെന്ന് വിശ്വസിക്കുക (ഫിലിപ്പിയർ 4:13). നമുക്ക് നല്ല വിചാരങ്ങൾ ഉാകണമെന്നാണ് ദൈവം വിചാരിക്കുന്നത് (ഫിലിപ്പിയർ 4:8). നാം ധൈര്യവും ബലവുമുള്ളവരായി "'കർത്താവ് എനിക്ക് തുണ, ഞാൻ പേടിക്കയില്ല; മനുഷ്യർ

എന്നോട് എന്തു ചെയ്യും? എന്നു പറയാം'" (എബ്രായർ 13:6). ദാവീദ് പറഞ്ഞു, "യഹോവ എന്റെ വെളിച്ചവും രക്ഷയും ആകുന്നു; ഞാൻ ആരെ ഭയപ്പെടും?" (സങ്കീർത്തനങ്ങൾ 27:1).

നമ്മുടെ പ്രശ്നങ്ങൾക്ക് ദൈവം പരിഹാരം വരുത്തുമെന്ന് ക്രിയാത്മകമായി-ചിന്തിക്കുന്ന ക്രിസ്ത്യാനി അവനിൽ വിശ്വാസം അർപ്പിക്കും. നാം ദൈവത്തിൽ ആശ്രയിക്കുകയും, അനുഗ്രഹങ്ങൾക്ക് നന്ദിയുള്ളവരാകുകയും ചെയ്യുമ്പോൾ, ക്രിയാത്മകമായി ചിന്തിക്കുകയും ക്രിയാത്മകമായി പ്രവർത്തിക്കുകയും ചെയ്യും.

നിങ്ങൾ അവിടെത്തന്നെ നില്ക്കുകയോ, ഇരിക്കുകയോ ചെയ്താൽ തുരുമ്പു പിടിക്കും! കർത്താവിന്റെ നാമത്തിൽ എന്തെങ്കിലും ചെയ്യുക. സങ്കീർത്തനങ്ങൾ 23 അല്ലെങ്കിൽ 27 വായിച്ചുകൊു തുടങ്ങുക. ദാവീദിന്ന് പ്രിയപ്പെട്ട സങ്കീർത്തനമായിരുന്നു 23. അത് ഇങ്ങനെ തുടങ്ങുന്നു, "യഹോവ എന്റെ ഇടയനാകുന്നു, എനിക്ക് മുട്ടുാകയില്ല." സങ്കീർത്തനങ്ങൾ 27 പറയുന്നു, "യഹോവ എന്റെ വെളിച്ചവും രക്ഷയുമാകുന്നു; ഞാൻ ആരെ ഭയപ്പെടും? ..." നമ്മുടെ പ്രയാസങ്ങൾ നേരിടുവാൻ നമ്മെ പ്രോൽസാഹിപ്പിക്കുന്നവയാണ് ആ തിരുവെഴുത്തുകൾ. പൗലൊസ് പറഞ്ഞു, "ഞാൻ വരുവോളം, വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക ... നിന്റെ അഭിവൃദ്ധി എല്ലാവർക്കും പ്രസിദ്ധമായിതീരേണ്ടിന്ന്, അതു കരുതുക, അതിൽ തന്നെ ഇരുന്നുകൊൾക" (1 തിമൊഥെയൊസ് 4:13-15).

പൗലൊസ് ഇതുകൂടെ പറഞ്ഞു, "കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു പിന്നെയും ഞാൻ പറയുന്നു" (ഫിലിപ്പിയർ 4:4). ദൈവത്തിൽനിന്നു ലഭിക്കുന്ന ശക്തിയാൽ നമുക്ക് പ്രതിസന്ധികളിലും സന്തോഷിക്കുവാൻ കഴിയും. "സന്തുഷ്ടഹൃദയന്നോ നിത്യം ഉൽസവം." (സദൃശവാക്യങ്ങൾ 15:15).

## ഉപസംഹാരം

സന്തോഷപര്യവസാനകഥകൾ എനിക്ക് ഇഷ്ടമാണ്. അവ പറയുന്നത് നമ്മുടെ ജിവിതത്തിന്റെ അവസാനം സന്തോഷമുാകുമെന്നാണ്. ഇയ്യോബിന്റെ പരീക്ഷണം അതി കഠിനമായിരുന്നു; എന്നാൽ അതു കഴിഞ്ഞപ്പോൾ, അവന്റെ ജീവിതം നന്നാവുകയും, സ്വഭാവം ശക്തമാകുകയും, ദൈവത്തോടുള്ള അവന്റെ സ്നേഹം മഹത്തായിതീരുകയും ചെയ്തു. ഭാവിയിൽ കൂടുതൽ പരീക്ഷണങ്ങൾക്ക് പ്രാപ്തനാകുകയും ചെയ്തു.

യാക്കൊബ് പറഞ്ഞു, "എന്റെ സഹോദരന്മാരെ, നിങ്ങൾ വിവിധപരീക്ഷകളിൽ അകപ്പെടുമ്പോൾ, നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞ്, അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ" (യാക്കൊബ് 1:2, 3). അവസാനം ആഗ്രഹിക്കത്തക്ക എന്തെങ്കിലും സംഭവിക്കുമെന്നറിഞ്ഞാൽ, കഷ്ടങ്ങളിൽ നാം സന്തോഷിക്കും. ക്രിസ്ത്യാനികൾ വലിയ സഹിഷ്ണുത ആഗ്രഹിക്കണം, കാരണം സഹിഷ്ണുത സ്ഥിരതയും, പക്വതയും, മറ്റു മധുരഗുണങ്ങളും ഉളവാക്കും. നമ്മോട് പറഞ്ഞിരിക്കുന്നു, "എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേതിന്ന് സ്ഥിരതക്കു തികഞ്ഞ പ്രവൃത്തി ഉാകട്ടെ" (യാക്കൊബ് 1:4).

ഒരു സന്തോഷവും, ആ സമയത്ത് നമ്മെ സന്തോഷിപ്പിക്കുമെന്ന് തോന്നുന്നില്ല, "ഏതു ശിക്ഷയും തൽക്കാലം സന്തോഷകരമല്ല, ദുഃഖകരമെന്ന്

തോന്നും. പിന്നെത്തേതിലോ, അതിൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാനഫലം ലഭിക്കും" (എബ്രായർ 12:11). പ്രതിസന്ധി നമുക്ക് ശക്തി നൽകുന്നു. അവ കൂടാതെ, നാം ഒരിക്കലും "അവൻ നടന്നതുപോലെ നടക്കുകയില്ല" (1 യോഹന്നാൻ 2:6).

ഒരു പുഴുക്കൂട്ടിൽനിന്ന് ഒരു പുഴു ശലഭമായി തീരേണ്ടതിന് തന്റെ ജനൽ പഴുതിൽ പ്രയാസമനുഭവപ്പെടുന്നത് ഒരു സ്ത്രീ നോക്കിക്കൊണ്ടിരുന്നു, ആ പുഴു ആ ചെറിയ ദ്വാരത്തിൽനിന്ന് പുറത്തുവരുവാൻ ദിവസങ്ങൾ പ്രയാസപ്പെടുന്നതുക് അവൾക്ക് അതിനോട് ദയവ് തോന്നി. ആദ്യം തല പുറത്തുവന്നു, പിന്നെ ശരീരത്തിന്റെ മുകൾ ഭാഗം വന്നു, ശരീരത്തിന്റെ താഴ് ഭാഗം കടക്കുന്നതിന്, അവൾ ആ ദ്വാരം വലുതാക്കി. ചിത്രശലഭം വളരെ എളുപ്പത്തിൽ പുറത്തുവന്നു. എങ്ങനെയായാലും, അതിന്റെ ശരീരത്തിന്റെ താഴ്ഭാഗം വീങ്ങുകയും പറക്കുവാൻ കഴിയാതിരിക്കയും ചെയ്തതിനാൽ അത് ജനൽപഴുതിൽ വെച്ച് തന്നെ ചത്തുപോയി. ആ ചിത്രശലഭത്തിന്റെ പ്രയാസം ഇല്ലാതാക്കുവാൻ ശ്രമിച്ചതു അതിനെ അവൾ നശിപ്പിക്കുകയായിരുന്നു എന്ന് ആ സ്ത്രീ തിരിച്ചറിഞ്ഞില്ല. പ്രയാസം ആ ചിത്രശലഭത്തിന്റെ ശരീരത്തിന്റെ താഴ്ഭാഗം ചുരുങ്ങുകയും ചിറകുകൾക്ക് ശക്തി ലഭിക്കുകയും ചെയ്യുമായിരുന്നു.

നിങ്ങളുടെ പ്രയാസം നീക്കേണ്ടതിന് ദൈവത്തോട് യാചിക്കരുത്. മറിച്ച്, അത് തരണം ചെയ്യുവാനുള്ള പ്രാപ്തി തരേണ്ടതിന്നും വിശ്വസ്തത അവസാനത്തോളം പിടിച്ചുകൊള്ളേണ്ടതിനുമായിരിക്കണം പ്രാർത്ഥിക്കേണ്ടത്.